# പള്ളികഥകൾ

## മിനികഥകൾ തൊണ്ണൂറ്റി നാല്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചനും ഞാനും ഒരു പോലെ തിരിക്കിലായിരുന്നതിനാൽ ദീഘകാലം കൂടിയാണ് ഇക്കഥ അവതരിപ്പിക്കുന്നത്. ലോകം മുഴുവനുമുള്ള വളരെയധികം ആളുകളുടെ നിരന്തരമായ സമ്മദ്ദം മൂലമാണ് ഇപ്പോഴെങ്കിലും ഇതെഴുതാൻ സാധിക്കുന്നത്.

# കുതന്ത്രം

അലക്സും ശോശാമ്മയും അമേരിക്കയിലെ ഒരു പട്ടണത്തിൽ നിന്ന് ആ പട്ടണത്തിലേക്ക് സ്ഥലം മാറി വന്നതാണ്. അയാൾ കമ്പ്യൂട്ടർ സയൻസും അവർ നേഴ്സുമാണ്. പ്രായമായ രണ്ടു പെൺമക്കൾ വിവാഹം കഴിഞ്ഞ് മാറി താമസിക്കുകയാണ്. അയാൾക്ക് സ്ഥലമാറ്റം കിട്ടിയപ്പോൾ ബി. എസ്സി നേഴ്സായ അവർ ജോലി കളഞ്ഞ് പുതിയ സ്ഥലത്ത് ജോലി ചെയ്യാമെന്നാണ്. ഏതായാലും വലിയ പ്രയാസവും കാല താമസവും കൂടാതെ തന്നെ അവക്ക് അവിടെ ജോലി കിട്ടി. അതിനടുത്തായ് അവരുടെ ഒരു ഓത്തഡോക്സ് പള്ളിയുമുണ്ട്. അങ്ങിനെ വളരെ അപ്രതീക്ഷിതമായിട്ടാണ് ആ ചെറിയ ഇടവകയിലേക്ക് അവർ ചെല്ലുന്നത്.

ആ പട്ടണത്തിൽ തന്നെ മൂന്ന് ഓത്തഡോക്സ് പള്ളികൾ ഉണ്ട് ഏതെങ്കിലും ഒരു ചെറിയ പള്ളിയിൽ പുതുതായി ഏതെങ്കിലും ഒരു വ്യക്തിയോ കുടുംബമോ ചെന്നെന്നറിഞ്ഞാൽ അവിടെയുള്ള വലിയ പള്ളിയിലെ അച്ചനോ ആൾക്കാരോ അപ്പോഴേ അവരെ പൊതിഞ്ഞ് വശീകരിച്ച് അവരുടെ പള്ളിയിൽ കൊണ്ടു പോകുമെന്നത് ഒരു നിത്യ സംഭവമാണ്. അതിന് എന്തെല്ലാം മാഗങ്ങളും അവർ ഉപയോഗിക്കും.

ഇവർ ഈ ചെറിയ പള്ളിയിൽ ചെന്നു. അവക്കിഷ്ടപ്പെട്ടു. നല്ല ഒരു കൊച്ചു പള്ളി. വളരെ ചെറിയ ആൾക്കൂട്ടം. നല്ല അച്ചൻ. നല്ല ആരാധന. നല്ല പ്രസംഗം. എല്ലാം കൊണ്ടും അവക്കിഷ്ടപ്പെട്ടു. അപ്പോൾ ആ പള്ളിയിലെ പല പഴയ ആൾക്കാരും മറ്റെ വല്ല്യ പള്ളിയിലെ കാര്യങ്ങൾ പറഞ്ഞു. അവക്കും കാര്യങ്ങൾ മനസ്സിലായി.

എല്ലാവരും അവറാച്ചൻ എന്നു വിളിക്കുന്ന അബ്രഹാമെന്ന ആ പള്ളിയിലെ ഏറ്റവും പഴക്കം ചെന്ന ആൾ ഒരു മഹാ മിടുക്കനാണ്; എല്ലാ വിധത്തിലും. അയാൾ നമ്മുടെ പുതിയ ആൾക്കാരുടെ അടുക്കൽ കൂടി. നല്ല ഉദ്ദേശം മാത്രമേയുള്ളു. അയാളുടെ ഭാര്യ തങ്കം സാക്ഷാൽ തങ്കമാണ്; അത്രയ്ക്ക് നല്ല സ്വഭാവമാണ്. ആ ഇടവകയിൽ മാത്രമല്ല, ആ പ്രദേശത്തു മുഴുവൻ ആൾക്കാരും നല്ലതു മാത്രമേ അവരെപ്പറ്റി പറയുകയുള്ളു. അവർ അത്രയ്ക്കു നല്ലതാണ്.

പുത്തൻ വന്ന ആൾക്കാക്ക് എന്തു സഹായം ചെയ്യാനും അവറാച്ചനും തങ്കവും തയാറാണ്. ആ പള്ളിയിലെ എല്ലാവരും തയാറാണ്; എന്നാൽ, ഇവരാണ് കൂടുതൽ താല്പര്യം കാണിച്ചത്. ശോശാമ്മയ്ക്ക് ജോലി കിട്ടാൻ തങ്കമാണ് സഹായിച്ചത്. തങ്കം ആ ആശപത്രിയിലെ ഒരു നേഴ്സ് ടെക്നീഷ്യനാണ്. അമേരിക്കയിൽ വന്ന കാലം മുതൽ അവർ അവിടെയാണ് ജോലി ചെയ്യുന്നത്. അവരുടെ നല്ല സ്വഭാവം കൊണ്ട്, അവർ ശുപാശ് ചെയ്താൽ ആക്കും അവിടെ എന്തും കിട്ടും. ഈ കേസിൽ നല്ല ഒരു നേഴ്സിനെ ആ ആശുപത്രിക്ക് പരിചയപ്പെടുത്തി കൊടുത്തപ്പോൾ നല്ല ഒരു തുകയും അവക്ക് കിട്ടി. അവർ ആ വിവരം അപ്പോൾ തന്നെ ശോശാമ്മയോടെ പറയുകയും കിട്ടിയ ആ തുക അതുപോലെ ശോശാമ്മയ്ക്കു കൊടുക്കുയും ചെയ്തു. എന്നാൽ ശോശാമ്മ അപ്പോൾ തന്നെ ആ തുകമടക്കി കൊടുത്തു. അത് ആ കുടുംബഗങ്ങർ തമ്മിലുള്ള ബന്ധം കൂടുതൽ ദൃഡമാക്കി.

അവറാച്ചൻ താമാസിക്കുന്നതിന്റെ വളരെ അടുത്തായി, ഏകദേശം ഒരു ബ്ലോക്ക് അപ്പുറമായി നല്ല മനോഹരമായ ഒരു പുത്തൻ ബംഗ്ലാവ് അയാൾ ഇടപെട്ട് വളരെ നിസാര വിലക്ക് അവക്ക് വാങ്ങികൊടുത്തു. ഇവിടെ നിന്നും നടന്നു പോകാനുള്ള ദൂരമേ ജോലി സ്ഥലത്തേക്കും പള്ളിയിലേക്കുമുള്ളു. ഒന്ന് വടക്കോട്ടും മറ്റേത് തെക്കോട്ടും എന്നു മാത്രം. പുത്തൻ വീട്ടുകാരുടെ എന്താവശ്യങ്ങൾക്കും അവറാച്ചനും തങ്കവും എപ്പോഴും തയാറാണ്.

അവറാച്ചനും അലക്സും തമ്മിൽ പന്ത്രണ്ടു വയസിന് വ്യത്യാസമുണ്ടെങ്കിലും അവറാച്ചൻ എന്നാണ് അയാളെ അലക്സ് വിളിക്കുന്നത്. അയാളെ എല്ലാവരും അങ്ങിനെയാണ് വിളിക്കുന്നതും അയാൾക്കും അതാണ് കൂടുതൽ ഇഷ്ടവും.

അലക്സുംകുടുംബവും ആ പുത്തൻ വീട്ടിൽ താമസമാക്കി ഏകദേശം പത്തു ദിവസം കഴിഞ്ഞപ്പോൾ അയാൾക്ക് പെട്ടന്ന് സുഖമില്ലാതായി രാത്രയിൽ. തങ്കം ഉടനെ തന്നെ അടുത്തുള്ള ഫാർമസിയിൽ ചെന്ന് ആ രാത്രി തന്നെ മരുന്ന് വാങ്ങി കൊടുത്തു. അവർ അവിടെ താമസമായി ഏകദേശം ഒരു മാസം കഴിഞ്ഞപ്പോൾ അവരുടെ ഒരു മകൾക്ക് ഒരത്യാവശ്യം വന്ന് ശോശാമ്മ പോകേണ്ടി വന്നു. അവർ താമസിക്കുന്നിടത്തു നിന്ന് ഏകദേശ്ം ഒരു മണിക്കൂർ വണ്ടി ഓടിച്ചാൽ മാത്രമേ എയർപോട്ടിൽ പോകാൻ സാധിക്കത്തുള്ളു. രാത്രി ജോലി കഴിഞ്ഞു വന്ന അവറാച്ചൻ അവരെ എയർപോട്ടിൽ കൊണ്ടു പോയി വിട്ടു. ആ ദിവസങ്ങളിൽ അത്രയും അയാൾക്ക് വേണ്ട ഭക്ഷണങ്ങൾ എല്ലാം എല്ലാ ദിവസവും തങ്കമാണ് കൊടുത്തത്. അങ്ങിനെ ആ രണ്ടു കുടുംബഗങ്ങൾ തമ്മിൽ വളരെ അടുത്തു. സ്വന്തം സഹോദരങ്ങൾ തമ്മിൽ ഉള്ളതിനേക്കാൾ കൂടുതലായി അടുത്തു. അമിത സ്നേഹം കുടി കെടുത്തുമെന്ന് പ്രായമായ അവർ രണ്ടു പേക്കും അറിയാമായിരുന്നു.

:ആയിടയ്ക്ക് അവരുടെ പള്ളി പൊതുയോഗം വന്നു. അലക്സ് ആദ്യമായിട്ടാണ് ആ പള്ളിയിലെ പൊതുയോഗം കാണുന്നതും കൂടുന്നതും. കേരളത്തിലേയും ഇന്ത്യയിലെ പല സ്ഥലങ്ങളിലേയും കൂടാതെ അമേരിക്കയിലെ തന്നെ പല സ്ഥലങ്ങളിലേയും പള്ളി പൊതുയോഗങ്ങളിൽ കൂടിയിട്ടുള്ള ആളാണ്അലക്സ്.എന്നാൽ ഈ പള്ളിയിലെ ഒരു പ്രത്യേകത, അവറാച്ചൻപറയുന്നതിനെ ഖണ്ഡിച്ച് അവിടെ ആക്കും ഒന്നും പറയാനും പ്രവത്തിക്കാനും പറ്റത്തില്ല. അയാളുടെ ധാരണ അയാൾക്ക് എല്ലാം അറിയാമെന്നാണ്. അയാൾക്ക് വളരെ കാര്യങ്ങൾഅറിയാമെന്നത് സത്യമാണ്. കേരളത്തിലെ കുഗ്രാമത്തിൽ നിന്നും നേരെ അമേരിക്കയിൽ വന്നതാണ് അയാൾ. അയാൾ പറഞ്ഞ വിവരമില്ലായ്മ അലക്സ് ഖണ്ഡിച്ചതു മാത്രമല്ല, വിവരമില്ലായ്മ പറയരുതെന്നു കൂടി പറഞ്ഞു. അവറാച്ചൻ വളരെ ക്ഷോഭിതനായി. പറയാൻ പാടില്ലാത്തതെല്ലാം; വായിതോന്നിയത് കോതയ്ക്ക് പാട്ടെന്ന പോലെ പറഞ്ഞു. നിങ്ങൾ വന്നപ്പോൾ മുതൽ ഇതുവെരെ ഇന്നതെല്ലാം ചെയ്തു തന്നിട്ട് നന്ദിയില്ലാത്ത നായെ പോലെ കുരയ്ക്കുവാണോ എന്നു വെരെ പറഞ്ഞു.

അവറാച്ചനെ പിണക്കിയിട്ട് ആ പള്ളിയിൽ തുടരുന്നത് നല്ലതല്ലായെന്ന് ആ പള്ളിയിലേയും ആ സ്ഥലത്തേയും പലരും അവരെ ഉപദേശിച്ചു. അപ്പോൾ ഇതാണ് അയാളുടെ കുതന്ത്രമെന്ന് അയാൾക്ക് ബോദ്ധ്യപ്പെട്ടു. ആ വീടു തന്നെ വിറ്റിട്ട് മാറി താമസിച്ചാലോ എന്നു വെരെ ആയി ചിന്ത.